അവർ അവയെ വെളിയിലേക്ക് അയക്കുവാൻ പെർമിറ്റ് കൊടുക്കുകയും ചെയ്യും.

ശ്രീ. പി കെ. കുമാരൻ ആചാരി: ഈ സാമാനങ്ങൾ ലേലം ചെയ്തിട്ടാണോ അയച്ചിരുന്നത്?

ശ്രീ. കെ. എം. കോര: അല്ല.

ശ്രീ. പി. കെ. കുമാരൻആചാരി: ഇതിന്റെ മേൽ സെൻട്രൽ ഗവൺമെന്റിനാണോ ഈ ഗവൺമെന്റിനാണോ നിയന്ത്രണം?

ശ്രീ. കെ. എം. കോര: സെൻട്രൽ ഗവൺമെന്റിനു ആയിരുന്നു. ഇപ്പോൾ ഈ ഗവൺമെന്റിനാണ്.

ശ്രീ. പി. കെ. കുമാരൻആചാരി: അവിടെ ഈസാമാനങ്ങൾ കുന്നുകൂടി കിടന്നിരുന്നതുകൊണ്ട് നമുക്കെന്താണ് പ്രയോജനം?

ശ്രീ. കെ. എം. കോര: കുന്നുകൂടിയിരുന്നതുകൊണ്ട് അപേക്ഷ അതു വില്ക്കണമെന്നും ആ സാധനങ്ങൾ ഇവിടെ ആവശ്യമില്ലാതിരുന്നതുകൊണ്ട് വെളിയിലേക്ക അയക്കുവാൻ അനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ടായിരുന്നു. അതനുസരിച്ചു ഇൻഡ്യാ ഗവൺമെന്റ അനുവദിച്ചു.

ശ്രീ. വി. ഗംഗാധരൻനായർ: ഇപ്പോൾ അവർ അനുവാദം ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: നോട്ടിസ് വേണം.

ശ്രീ. വി. ഗംഗാധരൻനായർ: ഈ സാധനങ്ങൾ വെളിയിലേക്ക അയച്ചു കൊടുക്കുവാൻ സാധിക്കാത്തതുകൊണ്ട് അവർ മിൽ പൂട്ടുവാൻ വിചാരിക്കുന്നതായി അറിയാമോ?

ശ്രീ. കെ. എം. കോര: അറിഞ്ഞുകൂടാ.

ശ്രീ. എ. പി. ഉദയഭാനു: ഇതൊക്കെ സെൻട്രൽ ഗവൺമെന്റിന്റെ കയ്യിൽ അല്ലേ?

ശ്രീ. കെ. എം. കോര: അതേ.

ശ്രീ. എ. പി. ഉദയഭാനു: ഈ ഗവൺമെന്റിനു ഇതിൽ നിയന്ത്രണം ഉണ്ടോ?

ശ്രീ. കെ. എം. കോര: ഇല്ല.

ഖാദി ബോർഡ്

*൨൨. (൪) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഖാദിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഫെബ്രുവരി വരെ മാത്രം കാലാവധിയുണ്ടായിരുന്ന ഖാദി ബോർഡിനു അനിശ്ചിതകാലത്തേയ്ക്ക് കാലാവധി നീട്ടി കൊടുത്തിട്ടുണ്ടോ;

(ബി) ഖാദിബോർഡിന്റെ പ്രവർത്തനംമൂലം ഖാദിയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാം?

ധനകാര്യവും ഖാദിയും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര): (എ) ഇല്ല.

(ബി) താഴെ പറയുന്ന ഗവൺമെന്റ പ്രസിദ്ധീകരണങ്ങൾക്ക് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

(൧) ഖാദിവർഷപരിപാടികളും പദ്ധതികളും.

LIBRARY ARCHIVES Kerala Legislative Assembly

(ഛ) സംയോജനവും ഒന്നാംവർഷവും.
(ജ) സംയോജനം രണ്ടാംവർഷം.
(ഝ) ഫൻ ഓ ട്രാവൻകൂർ കൊച്ചിൻ ന്യൂസ്.

ശ്രീ. പി. കെ. കുമാരൻആചാരി: ഇപ്പോൾ ഈ ബോർഡ് പ്രവർത്തിക്കുന്നുണ്ടോ?

ശ്രീ. കെ. എം. കോര: ഉണ്ട്.

ശ്രീ. പി. കെ. കുമാരൻആചാരി: അതു് ആരുടെ നിയന്ത്രണത്തിലാണ്?

ശ്രീ. കെ. എം. കോര: ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ.

ശ്രീ. എം. കെ. പാച്ചുപിള്ള: പ്രവർത്തനംകൊണ്ടു് എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. എം. കോര: വർദ്ധിച്ചിട്ടുണ്ടു്. എത്ര ശതമാനമാണെന്നു പറയുവാൻ സാധിക്കുകയില്ല.

ശ്രീ. പി. കെ. കുമാരൻആചാരി: ബോർഡിന്റെ ചെയർമാൻ ആരാണ്?

ശ്രീ. കെ. എം. കോര: ഫുഡ് മിനിസ്റ്റർ.

സെക്കണ്ടറി വിദ്യാഭ്യാസം

*വൃന. (ങ) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ബഹുമാനപ്പെട്ട ശ്രീ. ടി. കെ. നാരായണപിള്ള വിദ്യാഭ്യാസവകുപ്പുമന്ത്രിയായതിനുശേഷം സെക്കണ്ടറി വിദ്യാഭ്യാസപദ്ധതിയിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ ഏവ?

(ബി) ഈ വിധ മാറ്റങ്ങൾ വരുത്തുന്നതിനുണ്ടായ കാരണങ്ങൾ എന്തെല്ലാം?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): (എ) മാറ്റം വരുത്തിയിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. പി. കെ. കുമാരൻആചാരി: ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്കു മാറ്റിയതുകൊണ്ടു് ഉള്ള മാറ്റം പരിഗണിക്കാതെ ശമ്പളം കൊടുക്കാതിരിക്കുന്നതു് ന്യായമാണോ?

ശ്രീ. എൽ. എം. പൈലി: അതൊരഭിപ്രായം മാത്രമാണ്.

ശ്രീ. പി. കെ. കുമാരൻആചാരി: അങ്ങനെ മാറ്റപ്പെടുന്ന അദ്ധ്യാപകന്മാരുടെ പകുതി സപ്ലിസുമാത്രമെ വകവെക്കുന്നുള്ളു എന്നറിയാമോ?

ശ്രീ. എൽ. എം. പൈലി: സെക്കണ്ടറി വിദ്യാഭ്യാസപദ്ധതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്നാണ് ചോദ്യം. അതിനാൽ ഇതു് ഉദിക്കുന്നില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: മാറ്റം വരുത്തുവാൻ ഉദ്ദേശിച്ചിട്ടില്ല എന്നു ചീഫ് മിനിസ്റ്ററും മറ്റു മന്ത്രിമാരും പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. എൽ. എം. പൈലി: അതെനിക്കു പറയുവാൻ നിവൃത്തിയില്ല.

Sri. P. Balakrishnan Tampi: Sir, is there anything immutable or unchangeable in the educational field, i.e., which cannot be changed for all time?

Mr. Speaker: That does not arise.

LIBRARY ARCHIVES Kerala Legislative Assembly